# മതപരിവർത്തന

# രസവാദം

കുമാരൻ ആശാൻ

# മതപരിവർത്തന

# രസവാദം

14164

കുമാരൻ ആശാൻ

PG Library & Research Center

അവതാരകൻ

മൂർക്കോത്തു കുമാരൻ

പ്രസാധകർ

ശാരദാബുക്കഡിപ്പോ, തോന്നയ്ക്കൽ

(Malayalam)

Mathaparivarthana rasavadam

Essay

By Kumaran Asan

First published in July 1933

Third Edition April 1971

Printed at-
894.8124 Kum
United printers, Sreekanteswaram, TVM.

Prize - 60 Paisa
Copy right-

Saradha Book Depot, Thonnakkal.

# അവതാരിക

സമുദായപരിഷ്കാരത്തിനായി അവലംബിക്കുന്ന മാർഗ്ഗങ്ങളെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ടാകയാൽ, കേരളത്തിൽ മുഴുവൻ, തീയ്യസമുദായം ഭിന്നിച്ചിരിക്കുന്ന സന്ദർഭമാണിതു്. തീയ്യരെല്ലാം ഹിന്ദുമതം ഉപേക്ഷിക്കണം എന്നു ചിലർ; എല്ലാവരും ബുദ്ധമതം സ്വീകരിക്കുകയാണു വേണ്ടതെന്നു് അവരിൽത്തന്നെ ഒരു കക്ഷിക്കാർ; ഹിന്ദുമതം ഉടനടി ഉപേക്ഷിക്കണമെന്നും ഏതിലാണു പോകേണ്ടതെന്നു പിന്നെ ആലോചിക്കാമെന്നും മറെറാരു കക്ഷി; എല്ലാവരും ക്രിസ്ത്യാനികളാകേണം എന്നുപറയുന്നവരുണ്ടു്; മുസ്ലീംസമുദായത്തിൽ ചെന്നാലാണു ഗുണമെന്നു പറയുന്നവരും ഇല്ലാതെയില്ല; ആത്മവിദ്യാപ്രസ്ഥാനംവഴിയായി പ്രവർത്തിച്ചല്ലാതെ തീയ്യർക്കു പുരോഗതി സിദ്ധിക്കുകയില്ലെന്നു ഒരു സംഘക്കാർ; ഇതൊന്നുമല്ല വേണ്ടതെന്നും പഴയ ഹിന്ദുക്ഷേത്രത്തിൽ പ്രവേശനം ലഭിച്ചല്ലാതെ മോക്ഷം സിദ്ധിക്കയില്ലെന്നും അതുകൊണ്ടു് അതിനാണു ശ്രമിക്കേണ്ടതെന്നും വാദിക്കുന്ന ഒരു കക്ഷി ഇങ്ങിനെ പലവഴിയായി പലരും ഭിന്നിച്ചുനില്ക്കുന്നതിനിടയിൽ, നാരായണഗുരുസ്വാമികൾ ഏർപ്പെടുത്തിയ മാർഗ്ഗമാണു ഉത്തമമെന്നും ഫലപ്രദമെന്നും വിശ്വസിച്ചു മേല്പറഞ്ഞ പ്രസ്ഥാനങ്ങളാൽ ഒന്നിനാലും ആകർഷിക്കപ്പെടാതെയിരിക്കുന്നവരാണു ഭൂരിപക്ഷം. ആരോടും പറയാതെയും ക്ഷോഭമുണ്ടാക്കാതെയും ബ്രഹ്മസമാജത്തിലും ആര്യസമാജത്തിലും ചേൎന്നു സഹിക്കുന്ന വ്യക്തികളും അവിടവിടെ ഉണ്ടു്.

ഇങ്ങിനെയുള്ള ഈ സന്ദർഭത്തിൽ, നമ്മെളെല്ലാവരും ബഹുമാനപുരസ്സരം ഓർമ്മിക്കുന്ന പരേതനായ മഹാകവി കുമാരനാശാൻ അവർകൾക്കു് ഈ വിഷയത്തിൽ ഉണ്ടായിരുന്ന ദൃഢമായ അഭിപ്രായം എന്തായിരുന്നു എന്നറിയുന്നതു് ആക്കും

രസകരമാകാതെ ഇരിക്കുകയില്ല. കൊല്ലത്തുവച്ചുനടന്ന എസ്. എൻ. ഡി. പി. യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നതു മഹാകവി കുമാരനാശാൻ ആയിരുന്നു. അദ്ദേഹം ആ അവസരത്തിൽ ചെയ്തിരുന്ന പ്രസംഗത്തിൽ കേരളത്തിലെ ബുദ്ധമത പ്രസ്ഥാനത്തിനു് എതിരായി ചില സംഗതികൾ പ്രസ്താവിച്ചിരുന്നു. അതിനെ ഖണ്ഡിച്ചുകൊണ്ടു് "മിതവാദി" പത്രം ആ സന്ദർഭത്തിൽത്തന്നെ മലയാളത്തിലും ഇംഗ്ലീഷിലും മുഖപ്രസംഗങ്ങൾ എഴുതി പരസ്യംചെയ്തു. അവയിൽ പറഞ്ഞ സംഗതികൾക്കു് കുമാരനാശാൻ 1923 ജൂൺ 15-ാംനു- ഒരു മറുപടി എഴുതി "മിതവാദി" പത്രത്തിനു അയച്ചു. ആ മാന്യപത്രം മഹാകവിയുടെ മറുപടി പരസ്യം ചെയ്യാതെ അതു് അദ്ദേഹത്തിനു് മടക്കി അയയ്ക്കുകതന്നെ ചെയ്തു. അതു പിന്നെ ഒരു ചെറുപുസ്തകമാക്കി അച്ചടിപ്പിച്ചു പരസ്യംചെയ്യണമെന്നു് ആലോചിച്ചിരുന്നുവെങ്കിലും അതിനു സംഗതിവരാതെ, ആ മഹാൻ അധികം താമസിയാതെ, ഇഹലോകവാസം വെടിയുകയാണല്ലൊ ഉണ്ടായതു്. ആ ലേഖനമാണു് ഇപ്പോൾ ഈ നിലയിൽ പുസ്തകമായി അച്ചടിച്ചു പരസ്യം ചെയ്യുന്നതു്.

ഗാഢമായി ആലോചിക്കാതെയും ലോകോപകാരപ്രദമായിരിക്കുമെന്നു ബോദ്ധ്യപ്പെടാതേയും ഈ വക സംഗതികളിൽ വല്ല അഭിപ്രായവും പരസ്യമായി പ്രസ്താവിക്കുന്നതു, അതുബുദ്ധിമാനും മഹാധീരനും വലിയ തത്വചിന്തകനും ആയിരുന്ന ആശാനു് പഴക്കമായിരുന്നില്ലെന്നു എല്ലാവരും അറിയുന്നതാണു്. അങ്ങിനെയുള്ള ഒരു മാന്യൻ, സമുദായത്തിലെ ഒരു നേതാവിൻെറ നിലയിൽ, ഉത്തരവാദിത്വമുള്ള ഒരു സ്ഥാനത്തു നിന്നുകൊണ്ടു ഉച്ചരിച്ച അഭിപ്രായങ്ങൾ ഖണ്ഡിക്കപ്പെട്ടനിലയിൽത്തന്നെ കിടക്കുന്നതു് ആക്കും ഒന്നുകൊണ്ടും നന്നായിരിക്കയില്ല. അതു ബഹുജനങ്ങളെ തെററിദ്ധരിപ്പിച്ചെന്നുവരാം; അനാശാസ്യമായ മാർഗ്ഗത്തിൽ ജനതതി നയിക്കപ്പെടുവാൻ കാ

രണമാക്കാം; ആശാനെപ്പററിയുള്ള മതിപ്പിന്നുതന്നെ കുറവു വരാം. അതുകൊണ്ടു് ആശാൻെറ "മറുപടി" ഇനിയെങ്കിലും പരസ്യപ്പെടുത്തേണ്ടതു് ആവശ്യമാണെന്നു് അദ്ദേഹത്തിൻെറ സഹധമ്മചാരിണി, ശ്രീമതി ഭാനുമതിയമ്മ, ആഗ്രഹിക്കുന്നു.

ലേഖനം എഴുതിയ പത്തുകൊല്ലം കഴിഞ്ഞ ഈ അവസര ത്തിലെങ്കിലും അതിനെ ബഹുജനസമക്ഷം അവതരിപ്പിക്കു വാൻ സംഗതിവന്നതിൽ എനിക്കു് അത്യന്തം സന്തോഷവും കൃ താൎത്ഥതയും ഉണ്ടു്. ഈ വാദപ്രതിവാദത്തിൽ പ്രവേശിച്ചു് അതിനെപ്പററി ഈ അവതാരികയിൽ വല്ലതും പറയേണ്ടുന്ന ആവശ്യമില്ല. എന്നാൽ ആശാൻ ഈ ലേഖനത്തിൽ പറഞ്ഞ എല്ലാ സംഗതികളോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു; എ ന്നു മാത്രമല്ല, മഹാപണ്ഡിതനും തൎക്കശാസ്ത്രപ്രവീണനും ആയി രുന്ന ആ മഹാൻ എൻെറ അഭിപ്രായങ്ങളെത്തന്നെ എനിക്കു സാധിക്കുന്നതിൽ അധികം ശക്തിയും പുഷ്ടിയും ഭംഗിയും ഉള്ള ഭാഷയിൽ, അധികം സുസമ്മതമായ ശാസ്ത്രരീതിയിൽ പ്രതി പാദിച്ചിരിക്കുന്നുവെന്നുള്ള കൃതാൎത്ഥതയാണു് എനിക്കുള്ളതു്. അതുകൊണ്ടു്, ലേഖനത്തിൽ കണ്ട ഒരു വാക്കുതന്നെ എടുത്തു് ഈ ചെറുപുസ്തകത്തിന്നു നാമധേയമായി കല്പിച്ചു് ഇതിനെ കേരളത്തിലെ സമുദായപരിഷ്കാരികളുടേയും മതപരിഷ്കാരികളു ടേയും മുമ്പാകെ സവിനയം സമൎപ്പിക്കുന്നു.

ഈ മറുപടിക്കു വിഷയമായ മിതവാദിയിലെ ഖണ്ഡന മോ, അതിന്നും വിഷയമായ ആശാൻെറ പ്രസംഗമോ വായി ച്ചിട്ടുവേണം ഈ ലേഖനം വായിക്കുവാൻ എന്നില്ല. അവയി ലെ സംഗതികളെല്ലാം സുഗമമായും സുലഭമായും ഊഹിക്കത്ത ക്ക സമ്പ്രദായത്തിലാണു് ഈ ഉപന്യാസം രചിക്കപ്പെട്ടിട്ടു ള്ളതു്.

പക്ഷപാതികളല്ലാത്ത സ്വതന്ത്രചിന്തകന്മാൎക്കു ബോദ്ധ്യം വരത്തക്ക ന്യായങ്ങൾ അടക്കി ആത്മവിശ്വാസത്തോടുകൂടി

ഗംഭീരഭാഷയിൽ എഴുതപ്പെട്ട ഈ ലേഖനം വിശിഷ്ടനായ ഒരു സമുദായപരിഷ്കാരിയും, മതപരിഷ്കാരിയും, നാരായണഗുരുസ്വാമിയുടെ ആദർശപാലകനും ആയിരുന്ന മഹാകവി കുമാരനാശാൻ, താൻ അത്യന്തം സ്നേഹിച്ച സമുദായത്തിന്നായി സൂക്ഷിച്ചുവെച്ച, ചരമ സന്ദേശമായി കരുതി, വായിപ്പാൻ കഴിയുന്നവരൊക്കെ വാങ്ങി വായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

തലശ്ശേരി,
30–7–33

മൂർക്കോത്തുകുമാരൻ

# മതപരിവർത്തനരസവാദം

# ഒരു മറുപടി.

മ. രാ. രാ.

"മിതവാദി" പത്രാധിപർ

അവർകൾക്കു്.

മാന്യസുഹൃത്തേ,

നിങ്ങളുടെ മേയ് 28-ാംനു- (1923) ലെ ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള മുഖപ്രസംഗങ്ങൾ ഞാൻ വായിച്ചു. കൊല്ലത്തുവച്ചു് ഈയിടെ കൂടിയ എസ്. എൻ. ഡി. പി. യോഗത്തിലെ അദ്ധ്യക്ഷൻെറ നിലയിൽ എനിക്കു ബുദ്ധമതത്തേയും നിങ്ങളേയും സംബന്ധിച്ചു് എൻെറ പ്രസംഗത്തിൽ സന്ദർഭാനുസാരം സൂചിപ്പിക്കേണ്ടിവന്ന ചില അഭിപ്രായങ്ങളെ ചുവടെ ആക്ഷേപിപ്പാൻ നിങ്ങൾ അതിൽ യുക്തിപൂർവം ശ്രമിച്ചിരിക്കുന്നു. ഞാൻ ഈ മറുപടി എഴുതുന്നതു് എൻെറ അഭിപ്രായങ്ങളെല്ലാം നിരാക്ഷേപമാണെന്നുള്ള ശഠതകൊണ്ടല്ല. അതു എനിക്കു അശേഷം ഇല്ലെന്നാണു് എൻെറ വിശ്വാസം. നിങ്ങളുടെ ആക്ഷേപങ്ങളെ ഓരോന്നായി പ്രതിയുക്തികളെക്കൊണ്ടു ഖണ്ഡിച്ചു, വാദത്തിൽ വിജയം നേടാമെന്നുള്ള ദുരഭിമാനം കൊണ്ടുമല്ല. ആ വിജയം, അല്ലെങ്കിൽ പരാജയമാകട്ടെ, നമ്മൾക്കു പൊതുവും, സ്വകാര്യത്തേക്കാൾ പ്രിയതമവും, ആയ നമ്മുടെ സമുദായകാര്യത്തിനു യാതൊരു നന്മയും ഉണ്ടാക്കുന്നതല്ലല്ലോ. അതുകൊണ്ടു് എന്നെ ഇതിൽ പ്രേരിപ്പിക്കുന്നതു് ഒന്നാമതായി നിങ്ങളോടു് എനിക്കുള്ള നിർവ്യാജമായ സ്നേഹബഹുമാനങ്ങളാകുന്നു. മതപരിവർത്തനവിഷയത്തിൽ എൻെറ സ്ഫുടതരമായ അഭിപ്രായം സമുദായാംഗങ്ങളിൽ വല്ലവരും പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ, അതിനു് ഇതു ഉപയുക്തമാകുമല്ലോ എന്നുള്ള പ്രയോജനാന്തരവും ഉണ്ടാകാവുന്നതാണു്.

"മിതവാദി"യിൽ നിങ്ങൾ ഉദ്ധരിച്ചിരിക്കുന്ന എന്റെ അഭിപ്രായങ്ങൾ എസ്. എൻ. ഡി. പി. യോഗത്തിന്റെ മൂല നയങ്ങളെ പുരസ്സരിച്ചും എന്റെ പ്രസംഗത്തിന്റെ പൂർവ്വോത്തരഭാഗങ്ങളോടു യോജിച്ചും ഉള്ളവയാണ്. അങ്ങനെയാണെങ്കിലും എന്റെ സ്വന്ത അഭിപ്രായമായിട്ടാണ് അവയെ പ്രസ്താവിച്ചിട്ടുള്ളതെന്ന സംഗതി ഞാൻ വിസ്മരിക്കുന്നില്ല. സ്വന്ത അഭിപ്രായങ്ങൾ എന്തുതന്നെയായാലും വേറൊന്നും നോക്കാതെ വിളിച്ചു പറകയെന്നതു അന്തഃകരണശുദ്ധിയുടെ ഏററവും ഉയന്ന ഒരു പരിണാമത്തിൽ സംഭവിക്കുന്ന ഒരു സദ്ഗുണമാണെന്നു എനിക്കറിയാം. ആ ആദർശത്തിൽ എനിക്കു ആത്മാത്ഥമായ ബഹുമാനവും ഉണ്ടു്. എന്നാൽ അങ്ങനെയുള്ള മഹാന്മാർ സാധാരണദൃഷ്ടിയിൽ അലൌകികന്മാരാണ്. അവക്ക് ഒരു പ്രത്യേകസമുദായത്തെ വല്ല നിർദ്ദിഷ്ടമാർഗ്ഗങ്ങളിലൂടെ നയിക്കേണ്ട ചുമതല ഉണ്ടായിരിക്കയില്ല; ഉണ്ടായിരുന്നാൽ, അവക്കു അതിൽ വിജയം സിദ്ധിക്കയുമില്ല. നല്ലതെന്നു തോന്നുന്നതിനെ അവർ വിളിച്ചു പറയും. മററുള്ളവർ കേട്ടാലും കേട്ടില്ലെങ്കിലും അവക്കു വഴക്കുമില്ല.

"ശ്രീനാരായണധമ്മപരിപാലനയോഗം" തീയ്യരുടെ ഗുണത്തിന്നായി ഒരു വ്യവസ്ഥിതമായ കാര്യപരിപാടിയെ മുൻനിറുത്തി പ്രവത്തിച്ചുകൊണ്ടിരിക്കുന്ന സംഘമാണ്. അതിന്റെ ഉദ്ദേശങ്ങളിൽ പ്രധാനമായ ഒന്ന്, മതപരിഷ്കരണമാകുന്നു. "ശ്രീനാരായണധമ്മം" എന്ന പദംതന്നെ ശ്രീ നാരായണഗുരുവിന്റെ മതം എന്ന അത്ഥത്തെയാണ വിവക്ഷിക്കുന്നതു് "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന" എന്നുള്ളതാണ് ആ മതം, എന്നു നിങ്ങൾക്കും അറിയാമല്ലൊ. സ്വാമി തൃപ്പാദങ്ങളുടെ ഈ ആദർശത്തെ ലാക്കാക്കിയുള്ള മതപരിഷ്കരണമാണ് എസ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യപരിപാടിയിൽ ഉള്ളതെന്ന് ഇനി വ്യാഖ്യാനിക്കേണ്ടതില്ലല്ലോ. ഇതിനും ബുദ്ധമതത്തിനുംതമ്മിൽ സാരമായ ചില വ്യത്യാസങ്ങൾ ഉണ്ടു്.

സ്വാമിയെ "അഭിനവബുദ്ധൻ" എന്നു നമ്മിൽ ചിലർ ചിലപ്പോൾ വിശേഷിപ്പിക്കാറുണ്ടു്. അതു ബുദ്ധഭഗവാനോടുള്ള ശീലസാമ്യത്തെ അടിസ്ഥാനമാക്കി നമ്മാം ചെയ്യുന്ന അപദാനമാകുന്നു. ആധ്യാത്മികമായ അഭിപ്രായത്തിലുള്ള സാമ്യത്തെ ആധാരമാക്കി ചെയ്യുന്നതല്ല. എന്തുകൊണ്ടെന്നാൽ, "പല മതസാരവുമേകം" എന്നു സ്വാമി പറയുന്നു. ബുദ്ധദേവൻ ഒരിക്കലും അങ്ങിനെ പറഞ്ഞിട്ടില്ല. ബുദ്ധമതതത്വങ്ങൾക്കു് ഈ അഭിപ്രായം പ്രത്യക്ഷവിരുദ്ധവും ആകുന്നു. 'ഒരു മതം' എന്ന സ്വാമികളുടെ സിദ്ധാന്തവും മേൽപ്രകാരം സാരനിർണ്ണയം ചെയ്തു സിദ്ധിക്കുന്ന ഏകത്വത്തെ ആസ്പദീകരിച്ചുള്ളതാകുന്നു. അതുകൊണ്ടു സ്വാമിക്കു എല്ലാ മതത്തേയും അതാതിന്നുള്ള അദ്ധ്യാത്മികമായ ലക്ഷ്യത്തിന്റെ അഭേദത്തെ ആധാരമാക്കി സ്നേഹിപ്പാൻ കഴിയുന്നു. നമ്മളിൽ ചിലരാകട്ടെ, ഹിന്ദുമതത്തെ കഠിനമായി ആക്ഷേപിക്കുകയും ബുദ്ധമതത്തെ അമിതമായി സ്തുതിക്കയും ചെയ്യുന്നു.

സ്വാമിയുടെ മതത്തിനും ബുദ്ധമതത്തിനും തമ്മിലുള്ള വേറൊരു വ്യത്യാസം—ഏററവും സാരമായ വ്യത്യാസം—സ്വാമി, "ഒരു ദൈവം മനുഷ്യനു" എന്നു സിദ്ധാന്തിച്ചിരിക്കുന്നതാകുന്നു. ഈ സിദ്ധാന്തവും ബുദ്ധമതവും തമ്മിൽ രാവും പകലും പോലെ വ്യത്യസ്തങ്ങളാകുന്നു. "ദൈവം" എന്ന ശബ്ദത്താൽ വിവക്ഷിച്ചിരിക്കുന്ന ഈശ്വരന്നു, ബുദ്ധമതത്തിൽ യാതൊരു സ്ഥാനവും ഇല്ല. ഈ സംഗതിയെ കുറെക്കൂടി വിസ്തരിച്ചു ഞാൻ ഒടുവിൽ പറയാം.

എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ കാര്യപരിപാടിയിലുള്ള തുല്യപ്രധാനമായ മറെറാരു സംഗതി സുസമ്മതമായ ആധുനികാദർശങ്ങൾ അനുസരിച്ചു തീയ്യരുടെ സാമുദായികജീവിതത്തെ, അല്ലെങ്കിൽ സമുദായസ്ഥിതിയെ, പരിഷ്കരിക്കുകയാകുന്നു. ഇതിൽ സമുദായം നന്നാകുന്നതിനുള്ള ലൌകികമായ

സകല ശ്രമങ്ങളും ഉരംപ്പെടുന്നു. പുതിയ രാജ്യഭരണനയം അനുസരിച്ച സമുദായത്തിൻെറ പൌരാവകാശങ്ങളെ സ്ഥാപിപ്പാൻ നടത്തുന്ന പ്രക്ഷോഭണങ്ങരംക്കും ഈ ശ്രമങ്ങളിൽ പ്രധാനമായ ഒരു സ്ഥാനമാണുള്ളതു്. ഇതിൻ നമ്മെളെ മുഖ്യമായി സഹായിക്കുന്നതു്, നമ്മളുടെ സംഘബലമാകുന്നു. സ്വാമിയുടെ മതം ഈ സംഘത്തിനു അനുഗുണമായിട്ടുള്ളതാണു്. ബുദ്ധമതം, ആലോചിച്ചു നോക്കുന്ന ചിലക്കു്, ഇതിൽ പ്രതികൂലമായിരിക്കുമെന്നു തോന്നുകയില്ലെങ്കിലും പെട്ടെന്നു പറയുമ്പോരം ഭിന്നമതമാണെന്നുള്ള പ്രതീതി കൊണ്ടുതന്നെ, അതിൽ പലക്കും ഭിന്നാഭിപ്രായമുണ്ടാകുമെന്നുള്ളതു അനുഭവസിദ്ധമാണു്. ഈ ഭിന്നാഭിപ്രായംതന്നെ വാശിയുള്ളവരുടെഇടയിൽ കക്ഷിവഴക്കായിത്തീരാവുന്നതും, അങ്ങിനെയുള്ള ഭിന്നിപ്പു്, സമുദായശക്തിയെ നാമാവശേഷമാക്കി ചെയ്യുന്നതുമാണു്. ഈ പരിതാപകരമായ പതനത്തെ, എസ്സ്. എൻ. ഡി. പി. യോഗം സ്വരക്ഷയെ ഓൎത്തു സഹജമായിത്തന്നെ ഭയപ്പെടേണ്ടതാകുന്നു. അതുപോലെ കൊച്ചിയിലെ "തീയ്യർമഹാജനയോഗ"വും, മലബാറിലെ "തീയ്യർമലബാർയോഗ"വും, "ജ്ഞാനോദയ"യോഗവും, എന്നുവേണ്ട, നമ്മുടെ സമുദായം മുഴുവനും, ആ സംഗതിയിൽ ഭയപ്പെടേണ്ടതാകുന്നു. അതുകൊണ്ടും സമുദായത്തിൻെറ പ്രാതിനിദ്ധ്യം വഹിക്കുന്ന എസ്സ്. എൻ. ഡി. പി, യോഗത്തിൻെറ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച ഒരു സമുദായസ്നേഹിയുടെ മസ്തിഷ്കാണക്കാം ഈ വക വിചാരങ്ങളാൽ വിസ്ഫുരിതമായിരിക്കുന്നെങ്കിൽ അതു തെററാണോ? തെററായാൽകൂടി, നിങ്ങളെപ്പോലുള്ള ഒരു നേതാവു് അതിനെ സ്നേഹബുദ്ധ്യാ ക്ഷമിക്കേണ്ടതല്ലയോ?

നിങ്ങളുമായി എനിക്കു പതിനെട്ടുകൊല്ലത്തിൽ കുറയാത്ത കാലത്തെ പരിചയം ഉണ്ടു്. എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ ദൂതൻെറ നിലയിൽ ആദ്യം ഞാൻ മലബാർ സന്ദർശിച്ചപ്പോരം ഒന്നാമതായി വന്നുകണ്ടതു നിങ്ങളെയായിരുന്നു.

സമുദായത്തിൻെറ ദയനീയാവസ്ഥയെപ്പററി ഇത്ര ഗാഢമായും ദൈർഘ്യമായും സർവ്വദാ ചിന്തിച്ചുകൊണ്ടിരിക്കുന്ന നിങ്ങളെപ്പോലെ അനുതാപശാലിയായ ഒരു നേതാവിനെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. ഈ അനുതാപം നിങ്ങാംക്കു നിങ്ങളെ ചിന്തിച്ചുള്ളതല്ല. ലോകത്തിലുള്ള ഏതു് ആഭിജാതമാന്യനോട്ടം അഭ്യാസനം അർഹിക്കുന്ന എല്ലാ യോഗ്യതകളും ഭാഗ്യങ്ങളും നിങ്ങാംക്കു സ്വായത്തമാണെന്നു്, മുഖസ്തുതിശങ്കകൂടാതെ പറയാവുന്നതാണു്. ജാതികൃതമായ അസ്വാതന്ത്ര്യം നിങ്ങാംക്കു മാനസികമായല്ലാതെ, ബാഹ്യമായി അനുഭവിക്കേണ്ടതില്ലെന്നുള്ള വസ്തുത നിങ്ങളുടെ സ്ഥിതിയെപ്പററി വിവരമുള്ള ആക്കും അറിയാവുന്നതാണു്. പിന്നെ നിങ്ങളുടെ അനുതാപം നിഷ്കളങ്കവും ഗാഢവും ആയ സമുദായസ്നേഹത്തിൽ നിന്നു മാത്രം ഉണ്ടായതാകുന്നു. എന്നാൽ ഈ സ്നേഹമെല്ലാം ഒലിച്ചുചെന്നു വല്ല മരുഭൂമിയിലും താണുപോകയാണെന്നു നിങ്ങാം ഒരിക്കലും ശങ്കിക്കരുതു്. കേരളത്തിലെ ഇരുപതുലക്ഷത്തോളം ഹൃദയങ്ങളിൽ അതു അനുസ്പന്ദനം ചെയ്തുകൊണ്ടിരിക്കുകയാണെന്നു എനിക്കു ശപഥം ചെയ്യാൻ കഴിയും.

എന്നാൽ നിങ്ങളുടെ മതപരിവത്തനപ്രസ്ഥാനത്തെപ്പററി സമുദായത്തിൽ പ്രാധാന്യവും ബുദ്ധിശക്തിയും അന്തസ്സും ഉള്ള മററു പല മാന്യന്മാക്കും വിപ്രതിപത്തിയാണു ഉള്ളതെന്നു ഞാൻ അറിഞ്ഞിട്ടുള്ള വസ്തുതയെ ഈ സന്ദർഭത്തിൽ പറയാതിരിപ്പാൻ നിവൃത്തിയില്ല. തിരുവിതാംകൂറിൽ ഇതിന്നു അനുകൂലിക്കുന്നവർ വളരെ വളരെ ചുരുക്കമാകുന്നു. കൊച്ചിയിൽ ചില മാന്യന്മാർ ബുദ്ധമത പക്ഷപാതികളായി ഉണ്ടെങ്കിലും അവിടത്തേയും ബഹുജനാഭിപ്രായം ഇപ്പോാം അനുകൂലമല്ലെന്നാണു എനിക്കു മനസ്സിലായിട്ടുള്ളതു്. മലബാറിലും അങ്ങനെതന്നെയെന്നാണു എൻെറ അറിവു്. എന്നാൽ ഈ വിപ്രതിപത്തി, അല്ലെങ്കിൽ വൈമനസ്യത്തിൽ നൂററിനു തൊണ്ണൂറും, ഗുണദോഷചിന്ത

യുടെ ഫലമായിട്ടുള്ളതല്ലെന്നും, നേരെമറിച്ചു മനസ്സിൻെറ സ്ഥിതിസ്ഥാപകസ്വഭാവംകൊണ്ടു മാത്രം ഉണ്ടായതാണെന്നും നമുക്കൊക്കെ അറിയാവുന്നതാണു്. ഈ മനഃസ്ഥിതിയെപ്പററിയാണു്, ഞാൻ എൻെറ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതു്. ഒരു സമുദായ നേതാവിൻെറ നിലയിൽ നിങ്ങൾ നിങ്ങളുടെ സമുദായത്തോടു പ്രത്യേകമായി മതംമാറാൻ പറയുമ്പോൾ, അതു ബുദ്ധമുനി പറയുന്നതുപോലെ ഓരോ വ്യക്തിയുടേയും നിർവ്വാണത്തെ മാത്രം ഉദ്ദേശിച്ചല്ലെന്നും ലൌകികമായ സ്വാതന്ത്ര്യത്തിനായി സംഘത്തോടെ മതം മാറാൻ (Wholesale Conversion) വിവക്ഷിച്ചുകൊണ്ടാണെന്നും മനസ്സിലാക്കുന്നതിനു് അസാധാരണ ഊഹാപോഹശക്തികളൊന്നും വേണമെന്നില്ല. ജനങ്ങളുടെ മേൽസൂചിപ്പിച്ച മനഃസ്ഥിതിയിൽ അതു സാദ്ധ്യമാവാൻ ഇനി എത്ര ശതവർഷങ്ങൾ വേണമെന്നും അതിനിടയിൽ ലോകത്തു എന്തെല്ലാം മാററങ്ങളാണു വരാൻപോകുന്നതെന്നും ആർക്കറിയാം? ജ്യോതിശാസ്ത്രസംബന്ധമായോ പ്രകൃതിശാസ്ത്രസംബന്ധമായോ ഉണ്ടായിട്ടുള്ള പുതിയ ഉപജ്ഞാനങ്ങൾ പോലെ, ജനങ്ങളുടെ വിശ്വാസങ്ങളെപാടെ മാററത്തക്ക അത്ഭുതകരമായശക്തിയൊന്നുംനമ്മുടെഇടയിൽ2500 കൊല്ലമായിഏറെക്കുറെഅറിയപ്പെട്ടിരിക്കുന്നപഴയബുദ്ധമതത്തിനു്ഉണ്ടാവാൻ തരമില്ലെന്നാണു് എനിക്കു തോന്നുന്നതു്. സെയിൻറ അഗസ്റ്റിനും മാർട്ടിൻ ലൂതറും മതം പ്രസംഗിച്ചതു ഓരോ രാജ്യത്തെ മുഴവൻ ജനതയോടായിരുന്നു; ചെറിയ ഒരു ജനവിഭാഗത്തോടായിരുന്നില്ല; പ്രത്യേക അസ്വാതന്ത്ര്യങ്ങളാൽ കഷ്ടപ്പെടുന്ന ഒരു പ്രത്യേക ജനവിഭാഗത്തോടായിരുന്നില്ല. അവരുടെ പ്രധാന ഉദ്ദേശ്യവും മതപരിഷ്കാരമായിരുന്നു; ജാതിപരിഷ്കാരമായിരുന്നില്ല. എന്നിട്ടുതന്നെ, എത്ര ഭയങ്കരമായ വിപ്ലവങ്ങളാണു് അതുനിമിത്തം ഉണ്ടായതു്. തീയ്യരുടെഇടയിലും ഇങ്ങിനെയുള്ള വിപ്ലവങ്ങൾ ഉണ്ടാകുന്നതു് ഇന്നത്തെ സ്ഥിതിക്കു ആശാസ്യമാണോ? അതു സമുദായശക്തിയെ വൃഥാ ക്ഷയിപ്പിച്ചു, പു

രോഗതിയെ തടയുകയില്ലയോ? പക്ഷേ സമുദായത്തെത്തന്നെ ശിഥിലമാക്കി ഭിന്നമതങ്ങളിൽ ലയിപ്പിച്ച് സ്വരൂപനാശം വരുത്തിയെന്നും വരാവുന്നതല്ലയോ? അങ്ങനെയായാൽ നിങ്ങളുടെ ഉദ്ദേശ്യം സഫലമാകുമോ? അതുകൊണ്ടു് ആവക ഉപമകളും ചരിത്രങ്ങളും പ്രസംഗത്തിൻെറ ഭംഗിക്കും പ്രൌഢിക്കും അല്ലാതെ പ്രകൃതത്തിനു അനുപയുക്തമാണെന്നു പറയേണ്ടിവരുന്നതിൽ വ്യസനിക്കുന്നു.

ഇനി ജാതിജന്യമായ സകല അവശതകൾക്കും ബുദ്ധമതം ഏകസഞ്ജീവനിയാണെന്നു നിങ്ങൾ ഉറപ്പുപറയുന്നതിനെത്തന്നെ നോക്കാം. ഒരു തീയ്യൻ ബൌദ്ധനായിക്കഴിഞ്ഞാൽ ഉയൎന്ന ജാതി ഹിന്ദുക്കൾ, ഹിന്ദുവെന്ന നിലയിൽ അവനെ താണജാതിക്കാരനായി പിന്നെ ഗണിക്കയില്ലെന്നും അതുകൊണ്ടു സ്വതേതന്നെ അവനു സമുദായനിലയിൽ കയററം കിട്ടുമെന്നും നിങ്ങൾ പറയുന്നു. ഇതും വെറും ഒരു ഊഹം, അല്ലെങ്കിൽ സങ്കല്പം മാത്രമാകുന്നു. ക്രിസ്ത്യാനിമതത്തിൽ ചേൎന്ന പുലയരും പറയരും നമ്മുടെ നാട്ടിൽ പലേടത്തും ഉണ്ടു്. മതപരിവൎത്തന 'രസവാദം' ആ കാരിരുമ്പുകളെ ഇനിയും തങ്കമാക്കീട്ടില്ല. ബുദ്ധമതം പ്രചരിക്കുന്ന സിലോൺ മുതലായ രാജ്യങ്ങളിൽ താണ വൎഗ്ഗക്കാരും ഉണ്ടു്. ആ മതം അവൎക്കും കയററം കൊടുത്തിട്ടില്ല. നേരേമറിച്ചു ഹിന്ദുമതം പല താണ വൎഗ്ഗക്കാരെയും പൊക്കീട്ടുണ്ടു്. ശങ്കരൻ, രാമാനുജൻ, ശ്രീകൃഷ്ണചൈതന്യൻ മുതലായ പല ആചാര്യന്മാരും പല വൎഗ്ഗക്കാരെ ഉന്നമിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള ഉന്നമനം ഉന്നമിപ്പിക്കുന്നവരുടെ പാത്രതയേയും കാലദേശാവസ്ഥകളേയും അനുസരിച്ചു സാധ്യമാകുന്നതാണു്. അതുകൊണ്ടാണു് അതു നമ്മൾ വിചാരിക്കുമ്പോളൊക്കെ സംഭവിക്കാത്തതു്. വിശേഷിച്ചും ഈവക സംഗതികൾ—താണവൎഗ്ഗക്കാരുടെ സമുദായസ്ഥിതിയെ പൊക്കുക മുതലായ ബാഹ്യകാര്യങ്ങൾ—ഒന്നും ഈ മതത്തിൻേറയോ ആ മതത്തിൻേറയോ പ്രത്യേക ഗുണങ്ങളായി ഞാൻ വിചാരിക്കുന്നില്ല.

നാമൊക്കെ ഇന്നു ബുദ്ധമതക്കാരായാൽ വെളിയിൽ നിന്നു നമ്മുടെ സ്ഥിതിയെ പെട്ടെന്നു ഉന്നമിപ്പിക്കത്തക്ക ശക്തിയേ സഹായങ്ങളോ വല്ലതും ഉണ്ടാകുമെന്നു നിങ്ങൾ വിചാരിക്കുന്നുവോ? തങ്ങളുടെ രാജ്യത്തുതന്നെ മത സംബന്ധമായ ഉണർച്ചയുണ്ടാക്കാൻ കഴിയാതിരിക്കുന്ന നിർജ്ജീവമായ ഇന്നത്തെ ബുദ്ധസംഘങ്ങളിൽനിന്നു നമ്മൾക്കു എന്തു സഹായമാണു പ്രതീക്ഷിക്കാവുന്നതു്? അങ്ങനെയാണെങ്കിൽ ടി. കെ. മാധവൻ അവർകൾ പറയുന്നപോലെ എന്തുകൊണ്ടു നമ്മൾക്കു ക്രിസ്ത്യാനികളായിക്കൂടാ? ലോകം മുഴുവൻ ശക്തിപ്പെട്ടിരിക്കുന്ന ക്രിസ്തീയസഭകളിൽ ഏതിലെങ്കിലുംനിന്നു പ്രായോഗികവും പ്രബലവും ആയ സഹായങ്ങൾ നമ്മൾക്കു കിട്ടുന്നതാണല്ലോ? കേരളത്തിൽ ഇപ്പോൾത്തന്നെയുള്ള പതിനാലുലക്ഷം ക്രിസ്ത്യാനികളോടുകൂടി പതിനെട്ടുലക്ഷം തീയ്യരേയും ചേർത്തുനോക്കുക. ആ സമുദായബലംതന്നെ ഇതരവർഗ്ഗങ്ങൾ ഭയപ്പെടത്തക്കതായിരിക്കുമല്ലോ. അല്ലെങ്കിൽ സി. വി. കുഞ്ഞുരാമൻ അവർകൾ സൂചിപ്പിക്കുംപോലെ വഴിതെററാൻ പറയുന്ന മേൽജാതിക്കാരന്റെ മൂക്കിനു നേരെ മുഷ്ടി ചുരുട്ടാൻ ഹസ്തസിരകളെ തരിപ്പിക്കുന്ന പൌരുഷമുള്ള ഇസ്ലാംമതം സ്വീകരിപ്പാൻ നിങ്ങൾ എന്തുകൊണ്ടു ഞങ്ങളോടു ഉപദേശിക്കുന്നില്ല? ഇസ്ലാംമതത്തേക്കാൾ സമഭാവനയ്ക്കും ഐകമത്യത്തിനും വിശ്രുതമായ മതം വേറേ ഇല്ലെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഇവിടെ നിങ്ങൾ നിശ്ചയമായും നോക്കിയതു സമുദായത്തിന്റെ മനഃസ്ഥിതിയാകുന്നു. സമുദായത്തിന്റെ ഇന്നത്തെ മതത്തോടു ബുദ്ധമതത്തിനുള്ള ചില സാമ്യവും സാമീപ്യവും ആകുന്നു നിങ്ങളെ പ്രേരിപ്പിച്ചതു് ഞാൻ പറഞ്ഞ മനശ്ശാസ്ത്രീയമായ പ്രവണതയെ നിങ്ങൾ അറിയാതെയാണെങ്കിലും ഇവിടെ പരിഗണിച്ചിരിക്കുന്നു. അങ്ങനെ ആയാൽത്തന്നെ ഹിന്ദുമതത്തോടു കുറേക്കൂടി ആന്തരസാമ്യമുള്ള ആര്യസമാജത്തെ നിങ്ങൾ എന്തുകൊണ്ടു് അവഗണിക്കുന്നു? പഞ്ചമനെ അവന്റെ കുടിലിൽ ചെന്നു പിടിച്ചുകൊണ്ടുവന്നു് ബ്രാഹ്മണനാക്കാൻ

സഫലീമായി യത്നിച്ചുവരുന്ന ദയാനന്ദമതത്തെ എന്തുകൊണ്ടു നിങ്ങാം ബഹുമാനിക്കുന്നില്ല? എന്തുകൊണ്ടു തീയ്യക്കു ആര്യബ്രാഹ്മണരായ്ക്കൂടാ? മതത്തിൻെറയും സമസ്തസൃഷ്ടിസ്നേഹത്തിൻെറയും പേരിൽ നിങ്ങളുടെ മുററത്തുനടക്കുന്ന ആര്യസമാജക്കാരുടെ അത്ഭുതകരമായ ഉദാരപ്രവൃത്തികാം ലോകത്തു ഇന്നുള്ള ഏതു ബുദ്ധസംഘത്തിൽനിന്നു നിങ്ങാംക്കു പ്രതീക്ഷിപ്പാൻ കഴിയും? പൂനൂലുകെട്ടാനും ഹോമം കഴിക്കാനും ഉള്ള മടികൊണ്ടായിരിക്കാം നിങ്ങാം അതിനെ സ്വീകരിക്കാത്തതു്. എന്നാൽ ബ്രഹ്മമതം അംഗീകരിക്കരുതോ? നവീനജീവിതാദശങ്ങാംക്കു് അനുഗുണവും ഉൽകൃഷ്ടമതശാസ്ത്രങ്ങാംക്കു് അവിരുദ്ധവും ആയി രാജാരാമമോഹനറായി മുതലായ വിശ്വവിശ്രുതപണ്ഡിതന്മാർ സ്ഥാപിച്ചതും ഡാക്ടർ രവീന്ദ്രനാഥടാഗോർ മുതലായ ഋഷിമാരും ഇന്ത്യൻ രാഷ്ട്രീയനേതാക്കന്മാരുടെ മുന്നണിയിൽ നില്ക്കുന്ന അനേക പുരുഷരത്നങ്ങളും സ്ത്രീരത്നങ്ങളും അംഗങ്ങളായുള്ളതും നമ്മളിൽ ചില മാന്യസഹോദരർ അവിടവിടെ ഇപ്പോാംതന്നെ വച്ചിരിക്കുന്നതുമായ, ജാതിയില്ലാത്ത ബ്രഹ്മസമാജം എന്തുകൊണ്ടു നിങ്ങളുടെ ശ്രദ്ധയെ ആകഷിച്ചില്ല? അതിൻെറ പ്രചാരത്തിൻെറമന്ദത കണ്ടിട്ടായിരിക്കാം; അല്ലെങ്കിൽ തീയ്യൻെറ ജാതിക്കറ അതുകൊണ്ടു നീങ്ങുന്നില്ലെന്നു കണ്ടിട്ടായിരിക്കാം.

ബുദ്ധമതത്തിനു സമുദായത്തിൽ ശീഘ്രതരമായ പ്രചാരം സിദ്ധിക്കുമെന്നു നിങ്ങാം എങ്ങിനെ മുൻകൂട്ടി നിശ്ചയിച്ചു? അതിന്നു നിങ്ങാംക്കുള്ള ഗമകങ്ങാം എന്തായിരുന്നു? തീയ്യൻ, ബൌദ്ധൻകൂടിയായാൽ അവൻെറ കറ മലിനതരമാകയില്ലെന്നു തീർച്ചയാക്കാൻ നിങ്ങാം ധൈര്യപ്പെട്ടതു് എങ്ങനെ? തീയ്യന്നു ബുദ്ധമതം സ്വാതന്ത്ര്യം നല്കുമെങ്കിൽ ചെറുമന്നും ആ മതം സ്വീകരിച്ചാൽ ഉടനെ സ്വാതന്ത്ര്യം ഉണ്ടാകുമോ? തീയ്യർ ആയിരം കൊല്ലത്തിനു മുമ്പു ലങ്കാദ്വീപിൽനിന്നു കേരളതീര

ത്തിൽ ഇറങ്ങിയപ്പോഠത്തന്നെ ബുദ്ധമതക്കാരായിരുന്നതിനാൽ അവർ വീണ്ടും ആ മതം സ്വീകരിക്കുന്നതു് ഉത്തമമാണെന്നു് ചിലർ അഭിമാനിക്കുന്നതായി കാണുന്നു. തീയ്യരുടെ ആഗമത്തെ സംബന്ധിച്ച ഈ ഐതിഹ്യം ഇന്നും സിദ്ധാന്തദശയിൽ എത്തീട്ടില്ലാത്ത ചരിത്രസംബന്ധമായ ഒരു ഊഹം മാത്രമേ ആകുന്നുള്ളു. അതിനെ സമ്മതിച്ചാൽത്തന്നെ ക്രിസ്തുവിന്നു മുൻപു 250-ൽ സിലോണിൽ ബുദ്ധമതം എത്തുന്നതിനു മുൻപു തീയ്യരുടെ പൂർവ്വന്മാർ അവിടെ ആയിരുന്നെങ്കിൽ, അവരുടെ അന്നത്തെ മതം നമുക്കിന്നു് അത്യുത്തമമായി തോന്നേണ്ടതാകുന്നു. എന്നുതന്നെയല്ല, നമ്മളെല്ലാം ഈ നിലയിൽ ഇന്നു കേരളംവിട്ടു വല്ല ബുദ്ധമതരാജ്യത്തും അഭിനിവേശിപ്പാൻ പോകയാണെങ്കിൽ അവിടെ നമ്മുടെ സന്താനങ്ങഠ അവരുടെ പൂർവ്വന്മാരുടെ മതമായ ഹിന്ദുമതത്തെ അഭിമാനപൂർവ്വം പുനഃസ്വീകരിക്കയും ആയിരം കൊല്ലത്തിനു മേലായി അടുത്ത പൂർവ്വന്മാർ അനുഷ്ഠിച്ചുവന്ന മതത്തെ പരിത്യജിച്ചുകളഞ്ഞ നമ്മളുടെ മതാഭിമാനത്തെ അവഹേളിക്കയും പൌരുഷത്തെ സംശയിക്കയും ചെയ്യാവുന്നതുമല്ലേ? വിശേഷിച്ചും അതെല്ലാം പൂർവ്വാചാരപ്രിയന്മാരുടെ ഒരു വക ദുരഭിമാനങ്ങളാകുന്നു. ഉൽപതിഷ്ണുവായ നിങ്ങഠക്കു് അതു വരാൻ തരമില്ല. അതുകൊണ്ടു്, അതല്ല; പിന്നെയോ? ബുദ്ധമതം നല്ലതെന്നു തോന്നി, അതിനെ സ്വീകരിച്ചു; സ്വീകരിപ്പാൻ സമുദായത്തെ ഉപദേശിക്കുകയും ചെയ്യുന്നു. നല്ലതിനെ ആൎക്കും തിരഞ്ഞെടുക്കാം; ആൎക്കും ഉപദേശിക്കുകയും ചെയ്യാം; എന്നാണു പറയുന്നതെങ്കിൽ ശരി. ഇനി അതിൻെറ നന്മയെപ്പററി ആലോചിച്ചാൽ മതിയല്ലൊ.

ഒരു മതത്തിനു പ്രധാനമായി, ധൎമ്മം, മോക്ഷം എന്നു രണ്ടു വശങ്ങളാണുള്ളതു്. ബുദ്ധമതത്തിലെ ധൎമ്മമാൎഗ്ഗത്തെപ്പററി ആൎക്കും ആക്ഷേപിക്കുവാൻ തരമില്ലാത്തതാകുന്നു. ധൎമ്മം (സദാചാരം) തന്നെ സൎവ്വപ്രധാനമായി കരുതുന്ന മതം ഇതുപോ

ലെ ലോകത്തു് വേറൊന്നില്ലെന്നുള്ളതു പ്രസിദ്ധമാണ്. മോക്ഷം എന്നതു, ജീവിതത്തിൻെറ അവസാനാവസ്ഥയാകുന്നു. അതു തത്വശാസ്ത്രപ്രതിപാദ്യമായ വിഷയമാണ്. ബുദ്ധമതത്തിലെ തത്വശാസ്ത്രം വളരെ പ്രൌഢമാകുന്നു: അതിലെ സിദ്ധാന്തപ്രകാരം ജീവിതം, അനവധി ജന്മങ്ങൾക്കുശേഷം ജ്ഞാനത്താൽ സൎവ്വസംസ്കാരങ്ങളും നശിച്ചു നിർവാണം പ്രാപിക്കുന്നു. ഈ നിർവാണം സർവനാശം, അല്ലെങ്കിൽ, ശൂന്യം ആകുന്നു. ഇതിനെപ്പററി് ഇവിടെ വിസ്തരിച്ചു പറവാൻ തരമില്ല. പ്രമാണജഡന്മാരല്ലാത്ത സ്വതന്ത്രചിന്തകന്മാൎക്കു ഈ ഭാഗം വിചാരർമണീയമായിട്ടുള്ളതാകുന്നു.

ആംഗലതത്വജ്ഞാനിയായ ജോൺ സ്ററവർട്ട് മിൽ, ബുദ്ധമതക്കാരുടെ നിർവാണം ഒരിക്കൽ ലോകത്തു സൎവ്വസമ്മതമായി തീൎന്നേക്കാമെന്നു സൂചിപ്പിച്ചിട്ടുള്ളതിനെ ഞാൻ ഈ അവസരത്തിൽ അഭിമാനപൂൎവ്വം സ്മരിക്കുന്നു. ഒരു മതത്തിൻെറ പാരമ്യത്തെപ്പററി ഇതിലധികം പറഞ്ഞിട്ട് ആവശ്യമില്ല. എന്നാൽ ഇതു പുസ്തകത്തിലെ ബുദ്ധമതത്തെപ്പററിയുള്ള അഭിപ്രായമാണ്; അല്ലെങ്കിൽ മതഗ്രന്ഥങ്ങളിലെ സാരാംശങ്ങളെ മാത്രംനോക്കി പറയുന്നതാണ്. ആവക സാരാംശങ്ങൾ എല്ലാ മതങ്ങളിലും ഏറക്കുറെ ഉൽകൃഷ്ടങ്ങളായിത്തന്നെ ഇരിക്കും. വിശേഷിച്ചും വൈദികമതത്തിൻെറ രത്നകിരീടങ്ങളായ ഉപനിഷത്തുക്കളെപ്പററി "കാൻറ്" (Kant) മുതലായ പാശ്ചാത്യതത്വവിത്തുക്കൾ ഇതിലധികം ശ്ലാഘിക്കുന്നുണ്ട്. ബുദ്ധമതത്തിലെ പഞ്ചശീലങ്ങളും ദശകുശലങ്ങളും, മററും വേദാന്തത്തിലെ യമനിയമാദികളെക്കാൾ ശക്തിയും വ്യാപ്തിയും ഉള്ള സദാചാരങ്ങളാണോ? അഹിംസയെ ബുദ്ധമതം ഉച്ചമായി ഘോഷിക്കുന്നു. എങ്കിലും അതു ഇന്നു് അധികമായി അനുഷ്ഠിക്കുന്നതു ഹിന്ദുവൈദികന്മാരാകുന്നു. കേവലം സസ്യഭുക്കായ ഒരു സമുദായം ഹിന്ദുക്കളിലല്ലാതെ കാണാൻ കഴികയില്ല. ബുദ്ധമതം

പഴയ വൈദികമതത്തിൻെറപരിശുദ്ധമായതെളിമാത്രമാണെന്നു പറയുന്നവരോട്ട് ഇന്നത്തെ ഹിന്ദുമതം പഴയ ബുദ്ധമതത്തിൻെറ സത്താണെന്ന് അവരുടെഎതിരാളി പറയും. മതങ്ങളെല്ലാം മലയരുവികൾപോലെ ഉന്നതങ്ങളായ സ്ഥാനങ്ങളിൽ നിന്നും പുറപ്പെടുന്നവയാണ്. അവയുടെ അതാതുകാലത്തെ ശുദ്ധി അവ ഒഴുകുന്ന ദിക്കുകളുടെ ഗുണദോഷങ്ങളെ ആശ്രയിച്ചിരിപ്പാനേ തരമുള്ളു.

നിങ്ങൾ ഹിന്ദുമതത്തിലെ ജാതിശല്യത്തെയാണ എപ്പോഴും ഊന്നിപ്പറയുന്നതു്. ജാതിയെപ്പററി പറവാനുള്ളതു ചുരുക്കത്തിൽ ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു. ബുദ്ധമതഗ്രന്ഥങ്ങളിൽ ചാതുർവർണ്യം വിധിച്ചിട്ടില്ലെന്നുള്ളതു ശരിതന്നെ. ബുദ്ധസംഘങ്ങളിൽ വർണ്ണവ്യത്യാസം ഗണിച്ചുവന്നിരുന്നില്ലെന്നുള്ളതും ശരിതന്നെ. എന്നാൽസംഘങ്ങൾക്കു ജനങ്ങളുടെമേൽ ലൌകികാധാരം ഉണ്ടായിരുന്നില്ല ജനങ്ങളുടെ ഇടയിൽ മുൻപുതന്നെ മുളച്ചുവളന്ന ജാതിവിചാരങ്ങളെ പറിച്ചുകളവാൻ സംഘങ്ങൾ കാര്യമായി പ്രവത്തിച്ചിട്ടുമില്ല. ഇതു ചരിത്രസിദ്ധമായവസ്തുതയാകുന്നു. ബുദ്ധമതരാജ്യങ്ങളിൽ ജാതിബാധ തീരെ ഇല്ലെന്നു പറയാവുന്നതായി അറിയപ്പെടുന്ന രാജ്യം ബർമ്മ മാത്രമാകുന്നു. അതുദേശീയമായ മറ്റു കാരണങ്ങളാലും സംഭവിച്ചതാണെന്നു വാദിക്കാം. ജപ്പാനിൽ അടുത്തകാലംവരെ ഭയങ്കരമായ ജാതിശല്യം ഉണ്ടായിരുന്നു. അതു രാഷ്ട്രീയമായ ആവശ്യം പ്രമാണിച്ച് അവിടെ നിത്തൽ ചെയ്യുകയാണ് ഉണ്ടായതു്. ഇവിടെയും രാഷ്ട്രീയമായ ആവശ്യം ജാതിയോടു മല്ലിട്ടു തുടങ്ങിയതിനു ചില ദൃഷ്ടാന്തങ്ങൾ ഇന്നു നമ്മൾ കാണുന്നുണ്ടല്ലോ. ഭാരതമഹാസഭയുടെ കീഴിൽ ഇപ്പോൾ നടക്കുന്ന അയിത്തവർജ്ജനപ്രസ്ഥാനവും മിശ്രഭോജനസംരംഭവും, ഫലപ്രദമായിത്തീരുമെങ്കിൽ ജാതി നിർജ്ജീവമായിത്തീരുന്നതാണ്. ജനാഭിപ്രായത്തിനു ശക്തി ഉണ്ടാകുമ്പോൾ ശാസ്ത്രസമ്മതിസിദ്ധിച്ച അനാചാരങ്ങൾകൂടി മാറിപ്പോകുന്നതാണെന്നു ലോകചരിത്രം

നമ്മെ പഠിപ്പിക്കുന്നു.

മേൽപറഞ്ഞ സംഗതികളാൽ, നിങ്ങൾ ഉദ്ദേശിച്ച മെച്ചം ബുദ്ധമതത്തിനു ഇല്ലെന്നു വിശദമാകുന്നു. എന്നാൽ തീയ്യരുടെ ഇന്നത്തെ ഹിന്ദുമതത്തെക്കാൾ ബുദ്ധമതം അവൎക്കു നല്ലതെന്നാണു നിങ്ങൾ സങ്കല്പിക്കുന്നതെങ്കിൽ അതും ശരിയെന്നു സമ്മതിപ്പാൻ തരമില്ലെന്നു കാണുന്നതിൽ വ്യസനിക്കുന്നു. ഞാനും നിങ്ങളും ശ്രീനാരായണഗുരുസ്വാമിയും തീയ്യസമുദായത്തിലെ അംഗങ്ങളാണ്. നമ്മൾ ആരും കുരുതികഴിക്കാനും പൂരം തുള്ളാനും പോകാറില്ല. നമ്മളെപ്പോലെ അനേകായിരം ആളുകൾ വേറെയും ഉണ്ട്; അവരും അതിനു പോകാറില്ല. സമുദായത്തിലെ പാമരജനങ്ങൾ മാത്രമേ ആവക ആരാധനകൾ തുടൎന്നുകൊണ്ടിരിക്കുന്നുള്ളു. നമ്മളെക്കാൾ ഉയൎന്നവരെന്നഭിമാനിക്കുന്ന വൎഗ്ഗക്കാരിൽ ഉള്ള അപരിഷ്കൃതാംഗങ്ങളും അതു ചെയ്യുന്നുണ്ടുതാനും. ഒരേ മതം അനുഷ്ഠിക്കുന്ന ആളുകൾ അസംഖ്യങ്ങളായിരിക്കും. അവരുടെയെല്ലാം നടപടികൾ ഒന്നുപോലെ ഇരുന്നുവെന്നു് ഒരിടത്തും വരുന്നതല്ല. അതിനു സമുദായസ്ഥിതിയെ അല്ലാതെ മതത്തെ കുററം പറയുന്നതു ശരിയുമല്ല. അങ്ങിനെയുള്ള കുററങ്ങളെ തിരുത്തേണ്ടതു സമുദായനേതാക്കളുടെ ജോലിയുമാകുന്നു. സ്വാമിതൃപ്പാദങ്ങളും, എസ് എൻ ഡി. പി. മുതലായ സ്ഥാപനങ്ങളും നമ്മുടെ സമുദായത്തിലെ ആവക ന്യൂനതകൾ പരിഹരിക്കുവാൻ വളരെയൊക്കെ പരിശ്രമിച്ചിട്ടുണ്ട്; ശ്രമിച്ചുവരികയുമാകുന്നു.

ബുദ്ധമതത്തിൻെറ ദൂഷിച്ചഭാഗങ്ങളിലും ഈ വക അനാചാരങ്ങൾ പലതും ഉണ്ടായിരിക്കും. ഉത്തരദേശബുദ്ധമതം, അല്ലെങ്കിൽ മഹായാനബുദ്ധമതം, മന്ത്രങ്ങൾ, തന്ത്രങ്ങൾ, കൂടപത്രങ്ങൾ, ജന്തുബലികൾ എന്നുവേണ്ട, ദൂഷിച്ച ഹിന്ദുമതത്തിലുള്ളതിൽ പ്രതിന്മടങ്ങു ഭയങ്കരമായ അനവധി ദുരാചാര

ങ്ങൾക്കു് അട്ടിപ്പേറ സിദ്ധിച്ച തറവാടാണെന്നുള്ളതു പ്രസിദ്ധമാണു്. ഹീനയാനബുദ്ധമതവും അതിന്റെ ആദിസിദ്ധാന്തങ്ങളിൽ നിഷ്കർഷയോടുകൂടിയല്ല ഇന്നു ദക്ഷിണദേശങ്ങളിൽ അനുഷ്ഠിച്ചുവരുന്നതു്. അതുകൊണ്ടു് ആ സങ്കല്പവും ശരിയല്ല.

ഇവിടെ ഒന്നുകൂടി പറവാനുണ്ടു്. ബുദ്ധമതത്തെപ്പററി നിങ്ങൾ പറയുമ്പോഴൊക്കെ അതിന്റെ നിർദ്ദോഷഭാഗങ്ങളെ മാത്രവും, ഹിന്ദുമതത്തെപ്പററി പറയുമ്പോൾ ദോഷാംശങ്ങളെ മാത്രവും ഉദാഹരിക്കുന്നതായി കാണുന്നു. ഈ താരതമ്യവിവേചനരീതി ശാസ്ത്രീയമോ ധർമ്മ്യമോ അല്ല. ഇതു് അറിയാതെ വരുന്നതാണെങ്കിൽ പരിഹരിക്കേണ്ടുന്ന ന്യൂനതയും, അറിഞ്ഞുകൊണ്ടുചെയ്യുന്നതാണെങ്കിൽ നിന്ദ്യമായ ഒരു അപരാധവും ആകുന്നു; എന്തുകൊണ്ടെന്നാൽ ആ ദൂഷണത്താൽ നിങ്ങളുടെ മനസ്സാക്ഷി വഞ്ചിതമാകയും വിവരമില്ലാത്ത അനവധി ശ്രോതാക്കൾ സംഗതികൾ തെററിദ്ധരിക്കുകയും ചെയ്യുന്നു. പുതിയ പരിവർത്തനത്തിന്റെ തിരക്കിൽ നിങ്ങൾ അതു് ഓർക്കുന്നുണ്ടായിരിക്കയില്ല. അതിനെപ്പററി ഞാൻ നിർവ്യാജം വ്യസനിക്കുന്നു.

ഒടുവിൽ എനിക്കു പറവാനുള്ളതു ബുദ്ധമതത്തിനുള്ള ഒരു പ്രത്യേകവൈഷമ്യത്തെപ്പററിയാകുന്നു. ഈ മതത്തിൽ "ആത്മാവു്" എന്നൊരു വസ്തുവെ അംഗീകരിച്ചിട്ടില്ല. രൂപവേദവിജ്ഞാനാദികളായ അഞ്ചുസ്കന്ധങ്ങൾ, അല്ലെങ്കിൽ അന്തഃകരണശാസ്ത്രീയങ്ങളായ ഏതാനും തത്വങ്ങൾ അല്ലാതെ ജീവിതത്തിന്റെ ഘടകമോ നിയാമകമോ ആയ മറെറാരു ചൈതന്യവസ്തു ആവശ്യമില്ലെന്നാണു് അവർ പറയുന്നതു്. ആത്മാവിനെത്തന്നെ അംഗീകരിക്കാത്ത സ്ഥിതിക്കു പരമാത്മാവായ ഈശ്വരന്റെ കഥ പറയേണ്ടതില്ലല്ലോ. അതുകൊണ്ടു് ആത്മാവും ഈശ്വരനും ഇല്ലാത്ത ഈ മതവും ഇതിന്റെ ഉപയോഗവും കടന്ന ബുദ്ധിശാലികൾക്കോ യോഗീന്ദ്രന്മാർക്കോ മനസ്സിലാക്കാൻ കഴിയുമെന്നല്ലാതെ സാധാരണജനങ്ങൾക്കു, വിശേഷിച്ചും ആത്മാവി

ൻെറ അനിഷ്ടനാശത്തിനോ ഇഷ്ടലാഭത്തിനോ വേണ്ടി ദേവതകാഠംക്കു് ആടും കോഴിയും കുരുതികഴിപ്പാൻ നടക്കുന്ന പ്രാകൃതജനങ്ങഠംക്കു ഊഹിപ്പാൻതന്നെ പ്രയാസമാണെന്നു ആൎക്കും അറിയാം. ഈശ്വരഭയം ഉണ്ടായിരുന്നിട്ടുപോലും അകൃത്യങ്ങഠം ചെയ്യാൻ മടിക്കാത്ത സാധാരണവ്യക്തികഠം സദാചാരത്തിനുവേണ്ടിമാത്രം സദാചാരമനുഷ്ഠിച്ചു ധൎമ്മശൂരന്മാരായിത്തീരാൻ ശക്തരാണെന്നു വിചാരിക്കുന്നതു് കുറെ സാഹസമാകുന്നു. അതുകൊണ്ടു് ഈ മതം പരിഷ്കൃതാശയരായ പ്രത്യേകാംശങ്ങഠംക്കല്ലാതെ സമുദായത്തിനു് അനുഷ്ഠിപ്പാൻ സാദ്ധ്യമായതല്ലെന്നു വിശേഷിച്ചും ഓൎക്കേണ്ടതാകുന്നു.

എന്നാൽ ലോകത്തിലുള്ള അമ്പതുകോടിയോ അധികമോ, അതു എങ്ങനെ അനുഷ്ഠിച്ചുവരുന്നുവെന്നു നിങ്ങഠം ചോദിക്കുമായിരിക്കാം. അതിനെപ്പററി ഞാൻ മുൻപേതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. അവർ വിശ്വസിച്ചുവരുന്നതു നമ്മഠം പറയുന്ന ശുദ്ധമായ ബുദ്ധമതമല്ല. അതിൻെറ പുറത്തു പടൎന്നുകേറിയിരിക്കുന്ന കാടും പടൎപ്പുകളും ആകുന്നു. അവർ ബുദ്ധമുനിയെത്തന്നെ ഈശ്വരനിൎവ്വിശേഷമായി ആരാധിക്കുകയും അവതാരങ്ങളിലും അത്ഭുതകഥകളിലും ദേവന്മാരിലും യക്ഷന്മാരിലും പിശാചുക്കളിലും വിശ്വസിക്കുകയും എല്ലാപ്രകാരത്തിലുള്ള അന്ധപാരമ്പൎയ്യത്തേയും അബദ്ധവിശ്വാസത്തേയും പുലൎത്തുകയുംചെയ്യുന്നു. ദക്ഷിണബുദ്ധമതത്തിൻെറ കേന്ദ്രങ്ങളായ സിലോണും ബൎമ്മയും തന്നെ ഭീമാകൃതികളായ ബുദ്ധവിഗ്രഹങ്ങഠം പ്രതിഷ്ഠിച്ചിട്ടുള്ളതും അവതാരകഥാചിത്രങ്ങഠം കൊത്തിവെച്ചിട്ടുള്ളതുമായ ചൈത്യങ്ങളാൽ നിബിഡമായിരിക്കുന്നു. ഈ വിഗ്രഹങ്ങളുടെ മുമ്പിൽ അവർ നമസ്കരിക്കുകയും, ആരാധിക്കുകയും പുഷ്പാഞ്ജലിചെയ്കയും ചെയ്യുന്നു. ഹിന്ദുദേവാലയങ്ങളിലെപ്പോലെ ഇവയിൽ സാധാരണമായി അഭിഷേകവും നൈവേദ്യവും ചെയ്യാറില്ലെന്നേ ഉള്ളു. പുരാതനമതമാഹാത്മ്യത്തിൻെറ സ്മരണയെ

നിലനിറുത്തുന്ന ഈവക ഉപചാരങ്ങളെ ഞാൻ കേവലം ആക്ഷേപിക്കയല്ല. ഞാൻ ഇവിടെ ചെയ്യുന്നതു് ഈ വിഷയത്തിലും ഇന്നത്തെ ഹിന്ദുമതത്തേക്കാറം ബുദ്ധമതത്തിനു പറയത്തക്ക മെച്ചമൊന്നുമില്ലെന്നു സൂചിപ്പിക്കുക മാത്രമാകുന്നു. വിശേഷിച്ചും ഈശ്വരനില്ലാത്ത മതത്തെ തങ്ങൾക്കായി പ്രഖ്യാപനംചെയ്ത ഭഗവാൻ ബുദ്ധനെത്തന്നെ തങ്ങളുടെ ഈശ്വരനായി വരിച്ച ജനങ്ങൾ ആരാധനതുടങ്ങിയ വസ്തുതയിൽ ഒളിച്ചിരിക്കുന്ന കൌതുകകരമായ വിധിവിലാസം നമ്മെ എന്തുപഠിപ്പിക്കുന്നു? ശുദ്ധബുദ്ധമതം ജനസാമാന്യത്തിൻെറ നിലയിൽ ഒരു പരാജയമാണെന്നുള്ളതു വിശദമാക്കുന്നു.

രാജാരാമമോഹനറോയി മുതലായ മഹാന്മാർ ഹിന്ദുമതത്തിൽ അവൎക്കു സ്ഥാനമില്ലെന്നു പറഞ്ഞതായി നിങ്ങൾ വാദിക്കുന്നു. രാമമോഹനറോയി ഹിന്ദുമതത്തെ നിരസിച്ചിട്ടില്ല; വേദാന്തമതത്തെ അദ്ദേഹം ശ്ലാഘിക്കുന്നു. മഹാകവി ടാഗോർ ഉപനിഷത്തുകളിൽ വളരെ അഭിമാനമുള്ള ദേഹമാണു്. അവരെല്ലാം ഹിന്ദുമതത്തിൻെറ ചില വശങ്ങളെ മാത്രമേ ആക്ഷേപിക്കുന്നുള്ളു. എന്നല്ല, ഇവരാരും ബുദ്ധമതം അംഗീകരിപ്പാൻ ജനങ്ങളോടു ആവശ്യപ്പെടുന്നുമില്ല. ആ പണ്ഡിതന്മാർ ബുദ്ധമതത്തെപ്പററി നമ്മെപ്പോലെയോ അധികമോ അറിഞ്ഞിരിക്കാമെന്നുള്ളതുമാണു്. ശ്രീ വിവേകാനന്ദസ്വാമി ബുദ്ധമതത്തെപ്പററി വളരെ പരിജ്ഞാനവും ബഹുമാനവും ഉള്ള മഹാനായിരുന്നില്ലേ? ജാതിശല്യത്തെപ്പററി നിഷ്ഠുരണമായി ആക്ഷേപിക്കയും ഗാഢമായി അനുതപിക്കയും ചെയ്ത വിശാലഹൃദയനായിരുന്നില്ലേ? എന്തുകൊണ്ടു് അദ്ദേഹം ഹിന്ദുമതത്തെ പരിഷ്കരിപ്പാൻ അല്ലാതെ ബുദ്ധമതത്തെ ഉജ്ജീവിപ്പിപ്പാൻ ഉപദേശിച്ചില്ല? ഈ സംഗതികളെപ്പററി നമ്മൾ നിശ്ചയമായും ചിന്തിക്കേണ്ടതാകുന്നു.

തീയ്യരെ അടുപ്പിക്കാത്ത ഹിന്ദുക്ഷേത്രങ്ങളിലേക്കാഠ, ഈ ശ്വരസാന്നിദ്ധ്യം അധികമുള്ളതു മുസ്ലീം പള്ളികളിലാണെന്നു, ജസ്റ്റിസ് സദാശിവയ്യർ പറഞ്ഞതിനെ നിങ്ങഠ എടുത്തുകാണിക്കുന്നു. ഇതു പേയാംശങ്ങളെ ചൂണ്ടിക്കാണിച്ചു മതത്തെ പരിഷ്കരിപ്പാനുള്ള ഉത്സാഹത്തെ മുൻനിറുത്തി ചെയ്യുന്ന ഉപലാഭം മാത്രമാകുന്നു. അല്ലെങ്കിൽ ഉൽകൃഷ്ടഹിന്ദുസഭ സ്ഥാപിപ്പാൻ ക്ലേശപ്പെടുന്നതിനേക്കാഠ അദ്ദേഹം ഇസ്ലാംമതം തന്നെ സ്വീകരിച്ചു സുഖമായി ഇരിക്കുമായിരുന്നു. അദ്ദേഹവും ബുദ്ധമതത്തെപ്പററി പറയുന്നില്ലെന്നുള്ളതു സ്മരണീയമാണു്. മദ്രാസിലെ പച്ചയ്യപ്പാകോളേജിൽ ഇതുവരെ പഞ്ചമന്മാക്കു പ്രവേശനം അനുവദിച്ചിട്ടില്ലെന്നുള്ള സംഗതി, സാമൂതിരിക്കാളേജിൽ ഇപ്പോഠ തീയ്യവിദ്യാൎത്ഥികഠ കയറിപ്പോകുന്നതു കണ്ടുകൊണ്ടുകാണുന്ന നിങ്ങഠക്കു് അത്ര നൈരാശ്യജനകമായിരിപ്പാൻ ഇടയില്ലെന്നും വിശ്വസിക്കുന്നു.

ഇനി പ്രധാനമെങ്കിലും ഒരു സംഗതികൂടി പറഞ്ഞു് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അതു നമ്മഠ ബുദ്ധമതക്കാരായി മാറിയാൽത്തന്നെ ഒരു മതപരിവത്തനത്തിൻെറ ക്ലേശങ്ങളല്ലാതെ അതിൻെറ പൂൎണ്ണമായ ഫലം സിദ്ധിപ്പാൻ ഇടയില്ലെന്നുള്ളതാകുന്നു. കാരണം, ബുദ്ധമതം ഭിന്നമാണെങ്കിലും ഇന്ത്യയിലെ പുരാതനമതത്തിൻെറ പ്രസ്ഥാനങ്ങളിൽ ഒന്നും, അതിൻെറ സ്ഥാപകൻ ഹിന്ദുപുരാണപ്രസിദ്ധമായ അവതാരങ്ങളിൽ ഒന്നും ആയിരിക്കുന്നതുതന്നെ. ബുദ്ധമതത്തെ ഹിന്ദുമതത്തോടു സംബന്ധിപ്പിച്ചു പറഞ്ഞാൽകൂടി ക്ഷമകേടു കാണിക്കുന്ന ചിലർ ഈയ്യിടെ നമ്മുടെഇടയിൽ ഉണ്ടെന്നു് എനിക്കറിയാമെങ്കിലും ആ സംബന്ധം ആക്കും അപലപിക്കത്തക്കതല്ലെന്നുള്ള വസ്തുത ഇവിടെ പറഞ്ഞേ തീരൂ. സാംഖ്യം, വൈശേഷികം, മുതലായ മതങ്ങഠ പോലെ ബുദ്ധമതവും ഒരു ദശനമാകുന്നു. ഇതിനെ ഹിന്ദുക്കളുടെ പല ദശനഗ്രന്ഥങ്ങളിലും, എന്നുതന്നെയല്ല,

ഉത്തരമീമാംസയിൽ തന്നേയും പൂൎവ്വപക്ഷതേ്വന നിരൂപണം ചെയ്തിട്ടുള്ളതാകുന്നു. ഈ ദൎശനത്തിന്നു് ഈ അത്ഭുതകരമായ പ്രചാരം സിദ്ധിപ്പാൻ പല കാരണങ്ങളും ഉണ്ടായിരിക്കാം. എന്നാൽ ഏററവും പ്രധാനമായ ഒന്നു് ഇതിൻെറ ദ്രഷ്ടാവിൻെറ അലൌകികസാമാന്യമായ മാഹാത്മ്യമായിരുന്നു. ഈ സംഗതികളെ സംക്ഷേപിച്ചു് ഈ വിഷയത്തിൽ പ്രധാനപ്രാമാണികനായ ജെ. ഡബ്ളിയു. റോയിഡ്ഡേവിഡ്സ് (J. W. Rhoyd-Davids) പറയുന്നതു് അദ്ദേഹത്തിൻെറ ഭാഷയിൽത്തന്നെ കേൾക്കുക.

"Budhism was the child and then product of Hinduism. Goutoma's whole training was Brahminism. He probably deemed himself to be then the most correct exponent of the spirit, as distinct from the letter of the ancient faith, and it can only be claimed for him that he was the greatest and wisest and best of the Hindus."

ബുദ്ധമതം ഹിന്ദുമതത്തിൻെറ സന്താനവും ഫലവും ആണെന്നും ഗൌതമബുദ്ധൻ അദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു പഴയമതത്തിൻെറ സാരാംശം വ്യാഖ്യാനിക്കുക മാത്രമാണു ചെയ്തതെന്നും അദ്ദേഹം അത്ര മഹാനും അതിബുദ്ധിമാനും അത്യുത്തമനും ആയ ഹിന്ദുവാണെന്നും മററുമാണു് ഈ പണ്ഡിതൻ പറയുന്നതു്. ഇദ്ദേഹം ഒരു ഹിന്ദുവല്ല; ഹിന്ദുപക്ഷപാതിയുമല്ല; ബുദ്ധമതത്തിലെ വലിയ ഒരു വിശ്വാസിയും ഒരു യൂറോപ്യനും ആകുന്നു. വന്ദ്യനായ അനംഗാരിക ധൎമ്മപാലൻ നിങ്ങൾക്കു് എഴുതിയിരിക്കുന്ന ഇംഗ്ലീഷുകത്തിൽ വായിപ്പാൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഗ്രന്ഥങ്ങളിൽ ഒന്നു് ഇദ്ദേഹം എഴുതീട്ടുള്ളതുമാകുന്നു.

അത്യന്തവന്ദ്യനായ ശ്രീനാരായണഗുരുപാദൎക്കുപോലും ഇവിടത്തെ സവൎണ്ണഹിന്ദുക്ഷേത്രങ്ങളിൽ, ജാതിനിമിത്തം പ്രവേശനമില്ലെന്നുള്ള സംഗതി നിശ്ചയമായും അഭിമാനമുള്ള ഹിന്ദുക്കളുടെ ഹൃദയത്തിൽ തറയ്ക്കത്തക്ക ദയനീയമായ ന്യൂനതതന്നെ.

അതിൽ സമുദായാഭിമാനിയായ നിങ്ങൾക്ക് ഉദ്വേഗം തോന്നുന്നതും ശരിതന്നെ. എന്നാൽ അതിന്റെ പരിമാരഹാർഗ്ഗം ഏതാണെന്നുള്ളതിലാണ് പക്ഷാന്തരമുള്ളതു്. വസ്തവത്തിൽ പരമഹംസരായ തൃപ്പാദങ്ങളുടെ ഹൃദയത്തിൽ തനിക്കുവേണ്ടി ഇതര ക്ഷേത്രങ്ങളിൽ പ്രവേശിപ്പാനുള്ള താല്പര്യം ഒരിക്കലെങ്കിലും അങ്കുരിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നുവോ? ഉണ്ടെങ്കിൽ ആ മഹാത്മാവിന്റെ അമോഘമായ മനശ്ശക്തി ഇതിന്നു മുമ്പു തന്നെ അതു സാധിക്കുമായിരുന്നു എന്നാണ് എന്റെ വിശ്വാസം. അല്ലെങ്കിൽ ആ മഹാത്മാവിന്റെ ജന്മഭൂമിയായ തിരുവിതാംകൂറിൽ ശക്തിമത്തായി ഇപ്പോൾ നടന്നു വരുന്ന ക്ഷേത്രപ്രവേശനവാദംതന്നെ അവിടുത്തെ മനശ്ശക്തിയുടെ രൂപാന്തരമല്ലെന്നു് ആക്കറിയാം?

ഞാൻ യോഗത്തിൽ വച്ചു പറഞ്ഞ അഭിപ്രായങ്ങൾക്കു വിരുദ്ധമാണെന്നുള്ള നാട്യത്തിൽ എന്റെ കൃതിയായ 'ദുരവസ്ഥ' യിൽനിന്നു ചില ഭാഗങ്ങൾ നിങ്ങൾ ഉദ്ധരിച്ചിരിക്കുന്നതിൽ കൌതുകം തോന്നുന്നു. എന്റെ അഭിപ്രായ സ്ഥൈര്യത്തെ ഉരച്ചു നോക്കാൻ അതു ശരിയായ കല്ലല്ലെന്നുള്ളതു് ഇവിടെ പറയാതിരിപ്പാൻ നിവൃത്തിയില്ല. ദുരവസ്ഥയിലോ ചണ്ഡാലഭിക്ഷുകിയിലോ, എന്നല്ല എന്റെ ഏതെങ്കിലും കൃതികളിൽ മതത്തെ ഉപലംഭിച്ചു ഞാൻ ചെയ്യുന്ന നിർദ്ദേശങ്ങളെല്ലാം മതപരിഷ്കരണത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടാണെന്നും പരിവത്തനത്തെ മുൻനിറുത്തിയല്ലെന്നും നിഷ്കർഷിച്ചു വായിച്ചുനോക്കുന്ന ആക്കും അറിയാമെന്നാണ് എന്റെ ധാരണ. പരിഷ്കരണത്തിൽ എന്റെ ആദർശം മുമ്പു പറഞ്ഞിട്ടുള്ള "ഒരു ജാതി, ഒരു മതം, ഒരു ദൈവം" എന്നുള്ള ശ്രീനാരായണമതം ആണെന്നു ഞാൻ ഒരിക്കൽ കൂടി പറഞ്ഞേക്കാം. നിങ്ങളുടെ തൃശ്ശൂർലേഖകൻ, ശ്രീമാൻ കുഞ്ഞുണ്ണി, ഞാൻ ആററിങ്ങൽവെച്ചു് ഈയിടെ ചെയ്ത ഒരുപ്രസംഗത്തിൽ എന്റെ മതം ബുദ്ധമതമാണെന്നു പ്രസ്താവിച്ചതായി പറഞ്ഞു കാണുന്നു. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. എനിക്കു

ബുദ്ധഭഗവാനിലും ബുദ്ധമതത്തിലും ഭക്തിബഹുമാനങ്ങൾ ഉണ്ടെന്നുള്ളതു ശരിതന്നെ. അതു് എൻെറ ഇപ്പോഴത്തെ ആദൎശത്തിനു വിരുദ്ധമല്ലായ്കയാൽ തുടൎന്നുകൊണ്ടിരിക്കുമെന്നുള്ളതുമാകുന്നു. സമുദായത്തിലെ പ്രത്യേകാംഗങ്ങൾക്കു് ആത്മാൎത്ഥമായി മതം മാറാൻ തോന്നുമ്പോൾ അങ്ങനെ ചെയ്യുന്നതിനു എനിക്കു വിരോധമില്ലെന്നു് എൻെറ പ്രസംഗത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ടു്. ചട്ടമാറുംവണ്ണം മതം മാറാൻ ഉപദേശിക്കരുതെന്നു ഞാൻ പറയുന്നതു, സമുദായത്തെ ഉദ്ദേശിച്ചാണു്. ക്ഷേത്രം കെട്ടാൻ മരംചുമന്ന വേദന ഇതുവരെ ആറീട്ടില്ലാത്ത ചുമലിൽ വിഹാരം പണിക്കു കല്ലു ചുമക്കാൻ ധൃതിപ്പെട്ടാൽ സാധുക്കൾ കുഴങ്ങുമെന്നുമാത്രമേ അതിന്നൎത്ഥമുള്ളു. വിശേഷിച്ചും നമ്മിൽ ചിലരുടെ അഭിപ്രായഗതിയനുസരിച്ചു് അദ്ധ്യാത്മവിഷയത്തിൽ സ്ഥിരപ്രതിഷ്ഠയുള്ള സ്വാമിതൃപ്പാദങ്ങൾ മതംമാറുന്നതല്ലെന്നും എനിക്കു തീൎത്തുപറവാൻ കഴിയും. നമ്മുടെ മതഗുരുവിനെ നമ്മൾ മതംമാററാൻ ശ്രമിക്കുന്നതു ഗുരുത്വമല്ലെന്നും പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. സമുദായത്തിൻെറ ഇന്നുവരെയുള്ള പല ശ്രേയസ്സിനും ഹേതുഭൂതനായി, സമുദായത്തിനു പൊതുവിൽ സമ്മതനായി, സമുദായത്തിൻെറ ഭാഗ്യത്താൽ സിദ്ധിച്ചതെന്നു നാമൊക്കെ അഭിമാനിക്കുന്ന മഹാനുഭാവനായ ഒരു ആചാര്യനെ ഉപേക്ഷിച്ചു പുരോഹിതന്മാൎക്കായി സിലോണിലേക്കോ ടിബററിലേക്കോ, ഓടുന്ന "കയ്യിൽ കിട്ടിയ കനകമുപേക്ഷിച്ചു"ള്ള ഓട്ടവും ശ്രേയസ്കരമല്ലെന്നാണു് എൻെറ വിനീതമായ അഭിപ്രായം.

സ്വാതന്ത്ര്യത്തെപ്പററി നിങ്ങൾ വളരെ പറയുന്നു. ബുദ്ധമതസ്വീകരണംകൊണ്ടു് അതു സിദ്ധിക്കുന്നതു സംഭാവ്യമല്ലെന്നു ഞാൻ കാണിച്ചുകഴിഞ്ഞു. ഒരു വലിയ സമുദായത്തിൻെറ ആയിരത്തിൽ ചില്വാനം കൊല്ലം മുമ്പു നഷ്ടപ്പെട്ടുപോയ സ്വാതന്ത്ര്യത്തെ പുനൎസ്ഥാപനം ചെയ്യുകയെന്നതു് ഒരു വമ്പിച്ച കാൎയ്യമാകുന്നു. അതിനെ വല്ല പൊടിവിദ്യയുംകൊണ്ടു ലഘുവാ

യി സാധിക്കാമെന്നു് എനിക്കു വിചാരിപ്പാൻ കഴിയുന്നില്ല. വാസ്തവം പറഞ്ഞാൽ നമ്മുടെ സ്വാതന്ത്ര്യലാഭത്തിനായി ഇതുവരെ നമ്മൾ പറയത്തക്കവണ്ണം ഒന്നും പ്രവൎത്തിച്ചിട്ടില്ലെന്നാണു് എനിക്കുതോന്നുന്നതു്. സമുദായത്തിൻെറ സ്ഥിതിക്കും നമ്മിൽ ഓരോരുത്തരുടെ ശക്തിക്കും പൌരുഷത്തിനും അനുരൂപമായ വിധത്തിൽ അതിനായി എന്തുശ്രമം ചെയ്തു എന്നു നമ്മളോടുതന്നെ ചോദിച്ചാൽ നമ്മൾ ലജ്ജിക്കേണ്ടിവരും. നമ്മൾ പ്രധാനമായി ഇതുവരെ ചെയ്തിട്ടുള്ളതു്, കുറെ ലേഖനങ്ങൾ എഴുതുകയും കുറെ പ്രസംഗങ്ങൾ ചെയ്കയും ആകുന്നു. അതു് നിഷ്ഫലമായിത്തീൎന്നിട്ടുമില്ല. തളിറോഡിൽകൂടി നിങ്ങൾ നടന്നതും അതിലേപോവാൻ നിങ്ങളുടെ സഹോദരങ്ങൾക്കു സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുത്തതും നിങ്ങൾ ഹിന്ദുവായിരുന്നപ്പോഴായിരുന്നു. അതുപോലെയുള്ള പലകൃത്യങ്ങളും ഒരു തീയ്യനു് അവൻെറ സ്ഥാനത്തു് ഇരുന്നുകൊണ്ടു ചെയ്യാവുന്നതും അങ്ങിനെയുള്ള പ്രവൃത്തികളുടെ ഏകോപിച്ചുള്ള ഫലത്താൽ നമ്മൾക്കു സ്വാതന്ത്ര്യത്തെ പൂൎണ്ണമായി വീണ്ടെടുക്കാവുന്നതും ആകുന്നു. നമ്മുടെ പ്രവൃത്തികൾക്കു ശരിയായ ശക്തി വൎദ്ധിപ്പിക്കുന്ന രണ്ടേ രണ്ടു സാധനങ്ങൾ, ധനവും വിദ്യയും ആകുന്നു. ദീൎഘദൎശിയായ നമ്മുടെ സ്വാമി അവയെപ്പററി കൂടക്കൂടെ നമ്മോടു് ഉപദേശിക്കാറുള്ളതു നിങ്ങൾ ഓൎക്കുന്നില്ലേ? ഇങ്ങനെ നമ്മൾ വീണ്ടെടുക്കുന്ന സ്വാതന്ത്ര്യം നമ്മുടേതായിത്തന്നെ ഇരിക്കും; ആ വിജയത്തിനു അവകാശികളും നമ്മൾതന്നെ ആയിരിക്കും. നമ്മൾ കടം വാങ്ങുന്ന മതമോ, ആശ്രയിക്കുന്ന മതക്കാരോ, ആയിരിക്കയില്ല. അതല്ലെ ശരിയായ സ്വാതന്ത്ര്യം അതല്ലേ ശരിയായ പൌരുഷം?

നിങ്ങൾ സൂചിപ്പിച്ച ആക്ഷേപങ്ങൾക്കു മിക്കവാറും മറുപടി ഈ കത്തിൽ അടങ്ങീട്ടുണ്ടെന്നു വിചാരിക്കുന്നു. ഞാൻ ഈ പറയുന്നതു നിങ്ങളുടെ പ്രസ്ഥാവത്തിൽ ഞാൻ കാണുന്ന

14164



വൈഷമ്മ്യങ്ങളേയും അനൗചിത്യങ്ങളേയുംപററി മാത്രമാകുന്നു നിങ്ങളുടെ സ്നേഹിതന്റേയും സമുദായാംഗത്തന്റേയും നിലയിൽ പറയേണ്ടതു് എന്റെ കൎത്തവ്യമാകുന്നു. എന്നാൽ ഈ വക സംഗതികൾ ഗണ്യമല്ലെന്നു നിങ്ങൾക്കു ശരിയായ നിശ്ചയവും നിങ്ങളുടെ വിജയത്തിൽ പൂൎണ്ണമായ വിശ്വാസവും ഉണ്ടെങ്കിൽ നിങ്ങൾ അതിനെ പിൻതുടൎന്നു കൊള്ളുക. ഞാൻ നിങ്ങൾക്കു സൎവ്വവിജയവും ആശംസിക്കുന്നു.

ഈ കത്തുവളരെ ദീർഘമായിപ്പോയിരിക്കുന്നതിനാൽ അവസാനിപ്പിക്കുന്നു. ഈ വാദം തുടൎന്നുകൊണ്ടിരിപ്പാൻ എനിക്കു സൌകൎയ്യവും മനസ്സും ഇല്ലെന്നുള്ള വിവരവും ഞാൻ ബഹുമാനപൂൎവ്വം അറിയിച്ചുകൊള്ളുന്നു.

എന്നു്,

തോന്നയ്ക്കൽ
15—6—1923

സ്നേഹിതൻ,
എൻ. കുമാരനാശാൻ (ഒപ്പു്)

Library & Research Center

# മതപരിവർത്തന രസവാദം

സാമുദായികമായി പല അസമത്വങ്ങളും അനുഭവിച്ചിരുന്ന ഈഴവ സമുദായം അതു പരിഹരിക്കുന്നതിനുവേണ്ടി ഹിന്ദുമതം ഉപേക്ഷിക്കണമെന്ന പ്രബലമായ ഒരു അഭിപ്രായമുണ്ടായിരുന്നു. ബുദ്ധമതം സ്വീകരിക്കണമെന്നായിരുന്നു പല നേതാക്കന്മാരുടേയും വാദം. ശ്രീബുദ്ധചരിതം രചിക്കുകയും ബുദ്ധമതകഥകളെ ആസ്പദമാക്കി കവിതകൾ എഴുതുകയും ചെയ്ത കുമാരനാശാനും ഇതേ അഭിപ്രായമാണെന്നു പലരും ധരിച്ചിരുന്നു. മതപരിഷ്ക്കാരിയും നാരായണഗുരുസ്വാമിയുടെ ആദർശപാലകനും ആയിരുന്ന ആശാൻ താൻ സ്നേഹിച്ചിരുന്ന സമുദായത്തിനു നൽകുന്ന സന്ദേശമായി കരുതാവുന്നതാണ് മതപരിവർത്തന വിഷയത്തിൽ ആശാൻെറ അഭിപ്രായം വെളിവാക്കുന്ന ഈ ലേഖനം.

---


## ശാരദ ബുക്കു ഡിപ്പോ

തോന്നയ്ക്കൽ തിരുവനന്തപുരം.

# മതപരിവർത്തന രസവാദം

കുമാരൻ ആശാൻ

Indic Digital Archive Foundation
gpura.org